ഉത്തരം

(എ, ബി) കേന്ദ്ര സർക്കാർ സ്ഥാപനമായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡിന്റെ ധനസഹായത്തോടെ വെളിയത്തിന് സമീപം പൂയപ്പള്ളിയിൽ ഒരു 33 കെ. വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന് വേണ്ടി ആദ്യം കണ്ടെത്തിയ സ്ഥലം നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള ശ്രമം പരാജയപ്പെട്ടതിനാൽ തുടർന്നു മറ്റൊരു സ്ഥലം കണ്ടെത്തുകയും ആ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയുമാണ്.

തിരുമല സബ്സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി വിതരണം

41 [1938] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും തിരുമല കെ.എസ്.ഇ.ബി. സബ് സ്റ്റേഷനിൽ നിന്നുമുള്ള വൈദ്യുതി വിതരണം നിലയ്ക്കുന്നതു കാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാങ്കേതിക തകരാറുമൂലം വൈദ്യുതി നിലച്ചാൽ അതിന്റെ ഉറവിടം കണ്ടെത്തി പുനഃസ്ഥാപിക്കുവാൻ മണിക്കൂറുകൾ തന്നെ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) വൈദ്യുതി വിതരണം പുനഃസ്ഥാപിക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുമല സബ്സ്റ്റേഷനിലെ പ്രസരണ വിഭാഗവുമായി ബന്ധപ്പെട്ട തകരാറുമൂലം വൈദ്യുതി വിതരണം നിലയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്ന എക്സ്ട്രാ ഹൈടെൻഷൻ (ഇ.എച്ച്.റ്റി.) ലൈനുകളിൽ എന്തെങ്കിലും തകരാറുസംഭവിച്ചാൽ അതിന്റെ കാരണം കണ്ടുപിടിക്കുന്നതിന് ലൈൻ കടന്നുപോകുന്ന പ്രദേശത്ത് കൂടി നടന്ന് പരിശോധിക്കേണ്ടി വരുന്നതിനാലാണ് കാലതാമസം അനുഭവപ്പെടുന്നത്.

(സി) വൈദ്യുതി വിതരണം പുനഃസ്ഥാപിക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്താറുണ്ട്. ഇനിയും കൂടുതൽ കാര്യക്ഷമമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly